# ഉൾപ്പെടുന്ന പ്രോൽസാഹനം

ഏതൊരു സംഘടനയിലും 90 ശതമാനം ജോലിയും 10 ശതമാനം അംഗങ്ങളാണ് ചെയ്യുന്നത്. അതു ഒരുപക്ഷെ പി.റ്റി.എ അല്ലെങ്കിൽ റോട്ടറി ക്ലബ്ബിലെ നേതാക്കന്മാരെ ശുണ്ഠി പിടിപ്പിക്കുന്നതാകാം, എന്നാൽ അതു കർത്താവിന്റെ സഭയ്ക്ക് ആത്മിയ നാശം ഉണ്ടാക്കാം. ഏതൊരു ഇടവകയുടെയും വിജയത്തിനു ഉൾപ്പെടുത്തൽ അത്യാവശ്യമാണ്, പക്ഷെ ഒന്നും നേടുവാൻ പറ്റാത്ത പ്രയാസമുള്ളതല്ല. അതു സഭാദ്ധ്യക്ഷന്മാർക്കു ഘോരമായ വെല്ലുവിളിയാണ് നല്കുന്നത്.

### ഉൾപ്പെടുത്തൽ: എന്തുകൊണ്ട്?

സഭയുടെ പ്രവൃത്തിക്ക് ഉൾപ്പെടുത്തൽ എന്തുകൊണ്ടാണ് പ്രാധാന്യമുള്ളത്?

#### സന്തോഷത്തിനു വേണ്ടത്

ഒന്നാമത്, ക്രിസ്ത്യാനിയുടെ സന്തോഷത്തിനു വേണ്ടതാണ് ഉൾപ്പെടുത്തൽ. പ്രാദേശിക ഇടവകയിൽ തിരക്കിലായിരിക്കുന്നവർ, അവർക്കു താല്പര്യമുള്ളതും കഴിവുള്ളതുമായ പ്രവൃത്തികളാൽ കർത്താവിനെ സേവിക്കുന്നവർ, തങ്ങളുടെ വിശ്വാസത്തിൽ സന്തോഷം ഉള്ളവരും ആ ഇടവകയിൽ അംഗങ്ങളായിരിക്കുന്നതിൽ തൃപ്തരും ആയിരിക്കാനാണ് സാധ്യത. സഭയിൽ, "ഒന്നും ചെയ്യാതിരിക്കുന്ന കൈകൾ പിശാചിന്റെ കളിപ്പാട്ടങ്ങൾ ആണ്" എന്ന പഴഞ്ചൊല്ല് വാസ്തവമാണ്.

#### സഭയുടെ വളർച്ചക്കു വേണ്ടത്

രണ്ടാമതു, സഭയുടെ വളർച്ചക്കു വേണ്ടതാണ് ഉൾപ്പെടുത്തൽ. ഏതൊരു സംഘടനയിലും, വ്യക്തികളുടെ സജീവമായ പങ്കാളിത്തത്തെ ആസ്പദമാക്കിയായിരിക്കും വിജയം ലഭിക്കുന്നത്. നെഹെമ്യാവിന്റെ നേതൃത്വത്തിൻ കീഴിൽ, യെരുശലേമിന്റെ മതിൽ പുനർനിർമ്മാണം നടത്തിയതിന്റെ കാരണം "പ്രവൃത്തി ചെയ്യുവാൻ ആളുകൾക്കു ഉത്സാഹം ഉണ്ടായിരുന്നു" (നെഹെമ്യാവു 4:6). ദൈവസഹായത്താൽ ഗിദയോന്റെ

കീഴിലുള്ള ഒരു ചെറിയ സംഘം യിസ്രായേൽ സൈന്യത്തിന് വലിയൊരു മിദ്യാന്യ സൈന്യത്തെ ഓടിക്കുവാൻ കഴിഞ്ഞതിന്റെ കാരണം "ഓരോരുത്തൻ താന്താന്റെ നിലയിൽ തന്നെ നിന്നു" (ന്യായാധിപന്മാർ 7:21). അതുപോലെ തന്നെയാണ് സഭയിലും എന്നു പറയാം; കൂടുതൽ പേർ ജോലി ചെയ്യുമ്പോൾ, സഭ കൂടുതൽ വളരും.

"സഭാ വളർച്ച" പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ, ഡൊണാൾഡ് മെക്ക്ഗാരവന്റെ, സഭയുടെ വളർച്ചയെ മുഴുവൻ പഠിച്ചതിൽ നിന്നു, ആളുകൾ സുവിശേഷം പ്രചരിപ്പിക്കുന്നതിൽ വ്യക്തിപരമായി ഉൾപ്പെടുന്നതു, മിഷൻ മേഖലകളിൽ സഭയുടെ വളർച്ചക്കു പ്രധാന പങ്കു വഹിക്കുന്നതായി കണ്ടെത്തി. മെക്ക്ഗാരവൻ തീർച്ചപ്പെടുത്തലിൽ എത്തിയത് – പല രീതികളിൽ സഭയുടെ വളർച്ചയെ മനസ്സിലാക്കിയതിൽ നിന്നാണ് – അവ പുതിയ നിയമ ഉപദേശത്തെ സാധൂകരിക്കുന്നതാണ്. ആരംഭ സഭ വളരുവാൻ കാരണം എന്ത്? അതിനുള്ള കാരണങ്ങൾ അതിന്റെ വലിയ ഉപദേഷ്ടാക്കന്മാരാണോ? അതിന്റെ വലിയ മിഷ്ണറിമാരാണോ? അതിന്റെ മിഷ്ണറി നേതൃത്വമാണോ? അതെല്ലാം ഭാഗികമായി മാത്രം. പ്രാഥമികമായി, സഭ വളരുവാൻ കാരണം വ്യക്തികളായ ക്രിസ്ത്യാനികൾ എവിടെയെല്ലാം പോയോ അവിടെ എല്ലാം വചനം പ്രസംഗിച്ചു (പ്രവൃത്തികൾ 8:4). ഏതെങ്കിലും അപ്പൊസ്തലൻ പ്രസംഗിച്ചതുകൊണ്ടല്ല റോമിലും, അന്ത്യോക്യയിലും, അലെക്സന്ത്രയയിലും വലിയ സഭകൾ ഉണ്ടായതു, എന്നാൽ ഉപജീവനത്തിനായി അവിടങ്ങളിൽ എത്തിയ അസംഖ്യം പേർ പറയാത്ത വിശ്വാസനായകന്മാരുടെ പ്രയത്നത്താലും അവർ തങ്ങളുടെ അയൽക്കാരോടു ക്രിസ്തുവിനെ കുറിച്ചു പറഞ്ഞതു കൊണ്ടുമാണ്. അതുപോലെ, ഇന്നും ഒരു നിയമമായി, സഭയിലെ അംഗങ്ങളെല്ലാം സുവിശേഷ പ്രവർത്തനത്തിൽ ഉൾപ്പെട്ടാൽ, അതിനനുസരിച്ച് സഭ വളരുക തന്നെ ചെയ്യും.

ഒരുപക്ഷെ സഹോദരൻ ഫ്ളവിൽ യേക്ക്ലെ[1] കണ്ടെത്തിയതിനാണ് കൂടുതൽ പ്രാധാന്യം: സഭയിലെ അംഗങ്ങളെല്ലാം പല കാര്യങ്ങളിൽ ഉൾപ്പെട്ടു പ്രവർത്തിക്കുന്നതിനനുസരിച്ച് മാത്രമല്ല സഭ വളരുന്നതു, എന്നാൽ സഭയിൽ വിടവു നികത്തുവാൻ ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് സഭാദ്ധ്യക്ഷന്മാർ മനസ്സിലാക്കുമ്പോൾ, സഭ വളരുന്നതിനുള്ള സാധ്യത കൂടുന്നു.

**നേതൃത്വത്തിന്റെ ഉന്നം**

മൂന്നാമതു, ഓരോ അംഗത്തെയും ഉൾപ്പെടുത്തുക എന്നതായിരിക്കണം അദ്ധ്യക്ഷന്മാരുടെ ലക്ഷ്യം. സഭയുടെ ജോലികൾ എല്ലാം തനിയെ ചെയ്യുക എന്നതു മാത്രമല്ല, പ്രാഥമികമായി, സഭാദ്ധ്യക്ഷന്മാരുടെ ലക്ഷ്യം. മറിച്ചു സഭയിലെ എല്ലാ അംഗങ്ങളെയും അവരുടെ ദൈവിക താലന്തുകൾ സേവനത്തിലൂടെ ഉപയോഗിക്കുവാൻ സഹായിക്കുക എന്നതാണ്.

**ഉൾപ്പെടുത്തൽ: എങ്ങനെ?**

മുകളിൽ പറഞ്ഞതുമായി ആരും വിയോജിക്കയില്ല. സഭയുടെ

വളർച്ചക്കും, അംഗത്വ സന്തോഷത്തിനും വേണ്ടതു ഉൾപ്പെടുത്തുന്ന താണ് എന്ന് നമുക്കെല്ലാവർക്കും അറിയാം, അതിനു അംഗങ്ങളുടെ ഭാഗത്തു ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുക എന്നതാണ് സഭാദ്ധ്യ ക്ഷന്മാരുടെ കർത്തവ്യം.

പ്രശ്നം എന്തെന്നാൽ സഭയുടെ ജോലികളിൽ അംഗങ്ങളെ പങ്കെ ടുപ്പിക്കുന്നത് പ്രയാസമുള്ളതാണ് എന്നതാണ്. സഭാദ്ധ്യക്ഷന്മാർ ചില പ്പോൾ പരിശ്രമിക്കും പക്ഷെ പരാജയപ്പെടും. അദ്ധ്യക്ഷന്മാർ അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ എത്ര ശ്രമിച്ചാലും, പല അംഗങ്ങളും കാഴ്ച്ചക്കാരാ യി തന്നെ നില്ക്കും, മറ്റുള്ളവർ ജോലി ചെയ്യുന്നതു അവർ നോക്കി ക്കൊണ്ടിരിക്കും. അതുകൊണ്ട്, "എങ്ങനെ?" എന്ന ചോദ്യം, വളരെ പ്രധാ നപ്പെട്ട ഒന്നാണ്.

എങ്ങനെ അംഗങ്ങളെ ഉൾപ്പെടുത്താമെന്ന ഏതു നിർദ്ദേശവും പരീ ക്ഷാർത്ഥമുള്ളതാണ്; ഒരു പദ്ധതിയും വിജയിക്കുമെന്ന ഉറപ്പു തരുന്നി ല്ല. എങ്കിലും, പരിഹാരത്തിനുള്ള ചില സമീപനങ്ങൾ വിലയുള്ളതാണ്.

**ശരിയായ വീക്ഷണങ്ങൾ**

ഒന്നാമതു, സഭാദ്ധ്യക്ഷന്മാർ പ്രശ്നത്തെ ശരിയായി മനസ്സിലാക്കണം. പ്രത്യേകിച്ചു, അവർ താഴെ പറയുന്നവ തിരിച്ചറിയണം:

(1) എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തുവാൻ അവർക്ക് ഒരിക്കലും സാധ്യമല്ല. അതുകൊണ്ട്, ഉൾപ്പെടു*ന്നവർക്കു*വേണ്ടി അവർ നന്ദിയുള്ള വരാകാൻ പഠിക്കണം. നല്ല നേതൃത്വത്തിനു നിരുത്സാഹനം മരണകര മായ ശത്രുവാണ്. ഒരു അദ്ധ്യക്ഷൻ നിരുത്സാഹവാനായാൽ, അയാൾ തന്നെത്താൻ പ്രവൃത്തിക്കാതാകും അല്ലെങ്കിൽ ഫലപ്രദമല്ലാതാകും, അതുമല്ലെങ്കിൽ അയാളുടെ നിരുത്സാഹം ഉൾപ്പെടു*ന്നവരെ* ബാധി ച്ചേക്കാം.

(2) അടിക്കടി, വ്യക്തികളായ അംഗങ്ങൾ കർത്താവിന്റെ വേല സഭാ ദ്ധ്യക്ഷന്മാർ അറിയാതെ ചെയ്യുന്നുണ്ട്. അവർ ആളുകളെ ക്ഷണിക്കുന്ന - കാർഡുകൾ അയക്കുക, സന്ദർശകർക്കുവേണ്ടി നോട്ടുകൾ എഴുതി കൊടുക്കുക, ആശുപത്രികൾ സന്ദർശിക്കുക, വിവിധ മിഷൻ പ്രയത്ന ങ്ങൾ നടത്തുക, അയൽക്കാർക്കിടയിൽ സൽപ്രവൃത്തികൾ ചെയ്യുക, തുടങ്ങിയ ധാരാളം കാര്യങ്ങൾ ചെയ്യും. "സഭയുടെ പ്രോഗ്രാമിൽ" പങ്കെ ടുക്കാതിരിക്കുന്നവർ സഭയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാത്തവ രാണെന്നു സഭാദ്ധ്യക്ഷന്മാരും ഉപദേഷ്ടാക്കന്മാരും വിചാരിക്കും.

(3) ചില അംഗങ്ങൾക്ക് പ്രത്യേക സാഹചര്യത്താൽ, ഒന്നും ചെയ്യു വാൻ വാസ്തവത്തിൽ കഴിയുകയില്ല (കുടുംബസാഹചര്യം, രോഗം, മുത ലായവ.), അതുകൊണ്ടു അവർക്കു ചില പ്രത്യേക പ്രോഗ്രാമിലെ ജോലി കളിൽ പങ്കെടുക്കുവാൻ കഴിഞ്ഞെന്നുവരില്ല. അതിനാൽ അദ്ധ്യക്ഷന്മാർ സഭയുടെ പ്രോഗ്രാമിലെ ജോലികളിൽ ഉൾപ്പെടാതിരിക്കുന്നവരെ പെട്ടെന്നു വിധിക്കുകയും കുറ്റപ്പെടുത്തുകയുമരുത്.

(4) ചില അംഗങ്ങൾ എല്ലാ സഭാപ്രവൃത്തികളിലും പങ്കെടുക്കേണ്ട തില്ല എന്ന് തീരുമാനിക്കും കാരണം അങ്ങനെ ചെയ്യുമ്പോൾ കുടുംബ ത്തോടൊപ്പം ചിലവഴിക്കാൻ സമയം അവർക്ക് ലഭിക്കാതെ വരും. ചില

പ്പോൾ കുട്ടികൾ, പ്രായപൂർത്തിയായ യുവാക്കളും, പ്രായമായ ക്രിസ്ത്യാനികൾക്കും അവരുടേതായ പ്രവൃത്തികൾ കണ്ടേക്കാം, അവർ രണ്ടു കൂട്ടരായി ഒന്നും മുൻകൂട്ടി നിശ്ചയിക്കുന്നില്ല. സഭയുടെ എല്ലാ പ്രവൃത്തികളിലും സജീവമായി പങ്കെടുക്കുന്ന കുടുംബങ്ങൾക്കു ആഴ്ച്ചകളോളാം ഒന്നിച്ചു കൂടാൻ സമയം ലഭിക്കാറില്ല.

**ശരിയായ ഉപദേശം**

താലന്തുകളെ കുറിച്ചു ബൈബിൾ പഠിപ്പിക്കുന്നതെന്തെന്ന് സഭാദ്ധ്യക്ഷന്മാർ പഠിപ്പിക്കണം. അതിൽ "ആരാധന നയിക്കുന്നതിൽ" കൂടി മാത്രമല്ല അംഗങ്ങളെ സഭയുടെ പ്രവൃത്തിയിൽ ഉൾപ്പെടുത്തേണ്ടത് എന്നു പഠിപ്പിക്കുന്നു. അതിൽ താഴെ കൊടുത്തിരിക്കുന്നവയും പഠിപ്പിക്കണം:

(1) എല്ലാ താലന്തുകളും ദൈവത്തിൽ നിന്നാണ്. "എല്ലാ നല്ല ദാനവും തികഞ്ഞവരം ഒക്കെയും, ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങി വരുന്നു" (യാക്കൊബ് 1:17).

(2) ഓരോ ക്രിസ്ത്യാനിക്കും ഒന്നോ അതിലധികമോ താലന്തുകൾ ഉണ്ടായിരിക്കും. താലന്തുകളുടെ ഉപമയിൽ പറഞ്ഞതുപോലെ "ഒരു താലന്തും ഇല്ലാത്ത" അംഗങ്ങൾ ശരീരത്തിൽ ഉണ്ടാകുകയില്ല (ഒരു താലന്തു എന്നതു പണമാണ്) അവിടെ ഒരു "താലന്തുമില്ലാത്ത" ദാസന്മാർ ഉണ്ടായിരുന്നില്ല (മത്തായി 25:15).

(3) ക്രിസ്ത്യാനികളായ നാം, നമ്മെ ഉയർത്തി ചിന്തിക്കാതെ നമ്മുടെ താലന്തുകൾ തിരിച്ചറിയണം. പൗലൊസ് റോമാക്കാരോട് അപേക്ഷിച്ചു, "ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ; ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകും വണ്ണം ഭാവിക്കേണം എന്നു, ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു" (റോമർ 12:3). ഇതു നമ്മെക്കുറിച്ചു ചെറുതായി ചിന്തിക്കുവാനോ അല്ലെങ്കിൽ നമ്മുടെ താലന്തുകളെ നിഷേധിക്കുവാനോ പറയുന്നില്ല. മറിച്ചു, ഇതു പഠിപ്പിക്കുന്നതു നാം നമ്മുടെ താലന്തുകളെ കുറിച്ചു ധാർഷ്ട്യം കൂടാതെ സുബോധത്തോടെ വിലയിരുത്തണം എന്നാണ്.

(4) ക്രിസ്ത്യാനികൾക്കു വ്യത്യസ്തമായ താലന്തുകളാണ് നല്കപ്പെട്ടിരിക്കുന്നത്.

(5) ഓരോ താലന്തും പ്രാധാന്യമുള്ളതാണ്. ഒരു വ്യക്തി തന്റെ താലന്തുപയോഗിച്ച് ചെയ്യുന്ന ജോലി എല്ലാവരേയും ബാധിക്കുന്ന വിധത്തിൽ ക്രിസ്ത്യാനികളെ ഒന്നിച്ചു ബന്ധിപ്പിച്ചിരിക്കുകയാണ്. ഒരവയവം വേദനിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും വേദനിക്കും; ഒരാൾ വിജയിക്കുമ്പോൾ, എല്ലാവരും സന്തോഷിക്കും (1 കൊരിന്ത്യർ 12:25, 26). ശരീരത്തിന്റെ എല്ലാ പ്രവൃത്തികളും സാധ്യമാക്കുവാൻ വ്യത്യസ്ത താലന്തുള്ള വ്യത്യസ്ത അംഗങ്ങൾ കൂട്ടായി പ്രവർത്തിക്കുന്നു.

(6) ക്രിസ്ത്യാനികൾ ആയ നാം നമ്മുടെ താലന്തുകൾ, എന്തായാലും, അവ മുഴുവനും ഉപയോഗിക്കണം (റോമർ 12:6-8). താലന്തുകളുടെ ഉപമ നമ്മെ പഠിപ്പിക്കുന്നതു എന്തെന്നാൽ നാം അതു ഉപയോഗിച്ചില്ലെ

ങ്കിൽ നമുക്ക് അത് നഷ്ടമാകും! നമ്മുടെ കഴിവുകൾ കൂടുതലായി നാം വർദ്ധിപ്പിക്കേണ്ടതാണെന്നും അതിൽ അന്തർലീനമായിരിക്കുന്നു.

(7) രണ്ടുദ്ദേശങ്ങൾക്കായി നാം നമ്മുടെ താലന്തുകൾ ഉപയോഗിക്കണം: (a) ദൈവത്തെ മഹത്വപ്പെടുത്തുവാനും (b) സഹോദരന്മാരെ സഹായിക്കുന്നതിനും. "ഓരോരുത്തന്നു വരം ലഭിച്ചതുപോലെ, വിവിധമായുള്ള ദൈവ കൃപയുടെ ഗൃഹവിചാരകന്മാരായി അന്യോന്യം ശുശ്രൂഷിപ്പിൻ, ... ഇങ്ങനെ എല്ലാറ്റിലും ദൈവം യേശുക്രിസ്തു മൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ" (1 പത്രൊസ് 4:10, 11).

(8) നാം ഓരോരുത്തരും നമ്മുടെ താലന്തുകൾ എങ്ങനെ ഉപയോഗിച്ചു എന്നതിനു നാം ദൈവത്തോടു കണക്കു കൊടുക്കണം. നാം അവന്റെ ഗൃഹവിചാരകന്മാരാണ് (1 പത്രൊസ് 4:10), ഗൃഹവിചാരകന്മാർ എപ്പോഴും തങ്ങളുടെ ഗൃഹവിചാരത്തിന്റെ കണക്കു കൊടുക്കേണ്ടവരാണ് (1 കൊരിന്ത്യർ 4:2).

(9) സഭയുടെ വളർച്ചക്കുവേണ്ടി എല്ലാ അംഗങ്ങളും തങ്ങളുടെ താലന്തുകൾ ഉപയോഗിക്കുന്നതിനു സഭാദ്ധ്യക്ഷന്മാർ കഴിവതും സഹായിക്കണം.

### ഉത്സാഹിപ്പിക്കുന്ന ഒരന്തരീക്ഷം

അംഗങ്ങൾ സ്വതന്ത്രമായി അവരുടെ താലന്തുകൾ ഉപയോഗിക്കുവാനുള്ള അവസരം സഭാദ്ധ്യക്ഷന്മാർ ഒരുക്കണം. പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷത്തിൽ ഐക്യതയും, സൗഹൃദവും, കൂട്ടായ്മയും, സന്തോഷവും, അന്യോന്യമുള്ള ബഹുമാനവും, നിരന്തരമായ പ്രോത്സാഹനവും പ്രത്യേകതകളായി കാണാം. അതിലുപരി, ശ്രമിക്കുന്നതിനും പരാജയപ്പെടുന്നതിനും തയ്യാറായ അന്തരീക്ഷമാണ് സഭയ്ക്ക് ആവശ്യം.

നിങ്ങൾ ജോലി ചെയ്യുന്ന ഓഫീസിലോ കടയിലോ നിങ്ങളെ അഭിനന്ദിക്കാതെ നിങ്ങളോടു മോശമായി പെരുമാറുകയാണെന്നു വിചാരിക്കുക. നിങ്ങൾക്ക് നിങ്ങളുടെ കഴിവിന്റെ പരമാവധി ചെയ്യണമെന്നുണ്ടോ? അതുപോലെ, പോരാട്ടം നടക്കുന്ന സ്ഥലമാണ് സഭ എങ്കിൽ അല്ലെങ്കിൽ അവിടെ സഭാംഗങ്ങൾ പരസ്പരം മോശമായി പെരുമാറുകയും അന്യോന്യം വില കല്പിക്കാതിരിക്കയും, അല്ലെങ്കിൽ അവഗണിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ, അത്തരം ഒരു സഭയിലെ അംഗങ്ങളിൽ നിന്ന് അധികമൊന്നും അദ്ധ്യക്ഷന്മാർക്ക് പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ല.

അദ്ധ്യക്ഷന്മാർക്ക് എങ്ങനെ ക്രിയാത്മകമായ അന്തരീക്ഷം ഉണ്ടാക്കുവാൻ സാധിക്കും? ഉത്തേജനത്തിനുള്ള അന്തരീക്ഷം ഒരുക്കുവാൻ ഇതാ ചില നിർദ്ദേശങ്ങൾ:

(1) ശരീരത്തിൽ പ്രാധാന്യമുള്ളവരാണ് ഓരോ അംഗവുമെന്ന് അവരെ ബോധ്യപ്പെടുത്തി കൊടുക്കുക. അതിൽ സഭയിലെ അനേകർ ഓരോരുത്തരുടെ പേർ മനസ്സിലാക്കിയിരിക്കുന്നതും ഉൾപ്പെടുന്നു.

(2) അംഗങ്ങൾക്കിടയിൽ സ്നേഹത്തിന്റെ ബന്ധങ്ങൾ സ്ഥാപിച്ചെടുക്കുവാൻ ശ്രമിക്കണം. കുറ്റങ്ങളും വ്യത്യാസങ്ങളും ഉണ്ടെങ്കിലും, അന്യോന്യം സ്വീകരിക്കുന്നതും; കുറ്റപ്പെടുത്താതെയും വിമർശിക്കാ

തെയും, ഉദാരമായി അനുമോദിച്ചും പുകഴ്ത്തിയുമുള്ള സഹായങ്ങളും; കൂടാതെ നിരന്തരമായ സഹനശീലവും ക്ഷമാപണവും സ്നേഹത്തിൽ ഉൾപ്പെട്ടിരിക്കുന്നു. സഭാ മന്ദിരത്തിലും, വീടുകളിലും അംഗങ്ങൾ ഒത്തൊരുമിച്ചിരുന്നു ഭക്ഷണം കഴിക്കുവാനുള്ള അവസരങ്ങൾ ഉണ്ടാകുമ്പോൾ അത്തരം ബന്ധങ്ങൾ സ്ഥാപിക്കുവാൻ കഴിയും. നാം അന്യോന്യം കൂടുതലായി അറിയുമ്പോൾ, നാം കൂടുതലായി പരസ്പരം സ്നേഹിക്കുകയും അനുമോദിക്കയും ചെയ്യും.

(3) സഭയെ സംബന്ധിച്ചു അംഗങ്ങൾക്കിടയിൽ ക്രിയാത്മക മനോഭാവം വളർത്തിയെടുക്കുക. ഒരു നിയമമായി, പരസ്യമായ ആശയ വിനിമയം, ക്രിയാത്മകമാകണം. കഴിയുന്നതും, സഭ ചെയ്യുന്നതെല്ലാം ശ്രേഷ്ഠമായ സ്വഭാവത്തോടെ ആയിരിക്കണം. പല ഇടവകകളിലും കുറഞ്ഞ നേട്ടങ്ങളാണുള്ളത്, തൽഫലമായി നിരുത്സാഹമുണ്ടാകും, തുടർന്നു നേട്ടങ്ങൾ വീണ്ടും കുറയുന്നു. ആ ഒരു വൃത്തം ഛേദിക്കണം. വിശ്വസ്തമായ സേവനത്തിലാണ് ദൈവം പ്രസാദിക്കുന്നത് എന്നതിനു ഊന്നൽ കൊടുത്തു പ്രോത്സാഹിപ്പിക്കുക.

### ശരിയായ മാതൃകകൾ

സഭാദ്ധ്യക്ഷന്മാർ ഉൾപ്പെടുത്തൽ മാതൃകയാക്കണം. വിവിധ സഭാപ്രവൃത്തികളിൽ അംഗങ്ങളെ ഉൾപ്പെടുത്തുവാൻ പറയുമ്പോൾ, അവരോടൊപ്പം അദ്ധ്യക്ഷന്മാരും ഉണ്ടാവും എന്നവർക്ക് പ്രതീക്ഷിക്കുവാനുള്ള അധികാരമുണ്ട്. മൂപ്പന്മാരും ഉപദേഷ്ടാക്കന്മാരും നല്ല മാതൃക കാണിച്ചു കൊടുക്കേണ്ടവരാണ് (1 പത്രൊസ് 5:3). ആരോ പറഞ്ഞു, "പഠിപ്പിച്ചതിനേക്കാൾ മനോഭാവങ്ങളാണ് പലപ്പോഴും കാണപ്പെടുന്നത്" അദ്ധ്യക്ഷന്മാർ ദാസന്റെ മനോഭാവം പ്രകടമാക്കിയാൽ, അവരുടെ പിൻഗാമികൾ പിന്നെ ആ സ്വഭാവം "പകർത്തും."

### ശരിയായ ശുശ്രൂഷകൾ

അംഗങ്ങളുടെ കഴിവുകൾ അദ്ധ്യക്ഷന്മാർ കണ്ടെത്തുവാൻ ശ്രമിക്കേണ്ടത് (1) അവരുടെ താലന്തുകൾ, താല്പര്യങ്ങൾ, പരിശീലനങ്ങൾ, തിരിച്ചറിയേണ്ടതിനു നിരീക്ഷണം നടത്തിയും, (2) അംഗങ്ങൾക്കു എന്തു ചെയ്യുവാനാണിഷ്ടം, എന്തു ചെയ്യുവാൻ കഴിയും എന്നു നിരീക്ഷണത്താലും ശ്രദ്ധയാലും കണ്ടെത്താൻ ശ്രമിക്കുന്നതിൽ ഉത്സാഹം കാണിച്ചും, (3) കൂടാതെ അംഗങ്ങളുടെ കഴിവുകൾ കണ്ടെത്തുവാനും വളർത്തുവാനും അവസരങ്ങൾ നൽകിക്കൊണ്ടുമാണ്.

ഇടവകയിൽ ലഭിക്കുന്ന ശുശ്രൂഷകൾ ഏതെല്ലാമാണ് എന്നും, അതിൽ ചെയ്യേണ്ട ജോലികൾ എന്തെല്ലാമാണ് എന്നും, കൂടാതെ ഏതെല്ലാം ജോലികളിലാണ് ആളുകളെ ഉൾപ്പെടുത്തേണ്ടത് എന്നും കണ്ടെത്തേണ്ടതിന് ഒരു വിവരപ്പട്ടിക അദ്ധ്യക്ഷന്മാർക്ക് എടുക്കാം. അങ്ങനെ, പെട്ടെന്നു പ്രത്യക്ഷമല്ലാത്ത അവസരങ്ങൾ സേവിക്കുവാനും ശുശ്രൂഷിക്കുവാനും ഉണ്ടാകും. ഉദാഹരണത്തിനു, സഭയുടെ വിദ്യാഭ്യാസ പ്രവൃത്തികൾക്ക്, ഉപദേഷ്ടാക്കന്മാരെ മാത്രമല്ല ആവശ്യമുള്ളത്, ഭരണപരമായ, കലാപരമായ, സാഹിത്യപരമായ, കൂടാതെ കാര്യനിർവ്വഹണപര

മായ താലന്തുള്ളവരെയും ആവശ്യമാണ്. സഭയിലെ ഓരോ അംഗവും ഓരോരുത്തർക്കു ചെയ്യാൻ സാധിക്കുന്ന ജോലി ചെയ്യേണ്ടതിനു സഭ യിലെ ശുശ്രൂഷകൾ വർദ്ധിപ്പിക്കേണ്ട ആവശ്യത്തെ വിവരപ്പട്ടിക തയ്യാ റാക്കുന്നതു വെളിപ്പെടുത്തി തരുന്നു.

ഇടവകയോടു ചെയ്യേണ്ടതായ ജോലികളും ശുശ്രൂഷകളും എന്തെന്നു നിർദ്ദേശിക്കുവാൻ പറയുന്നതും, ആ ജോലി ചെയ്യുന്നതിനു വേണ്ട സാമഗ്രികളും അധികാരവും നല്കുന്നതും, അവയുടെ നേട്ടത്തി നായി പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്കു നൽകുന്നതും ഒരു പകരമുള്ള സമീപനമാണ്.

പിന്നെ, സഭാദ്ധ്യക്ഷന്മാർ, ചെയ്തു കഴിഞ്ഞതും ചെയ്യേണ്ടതുമായ പ്രത്യേക കർത്തവ്യങ്ങൾ എല്ലാ അംഗങ്ങളെയും അറിയിക്കണം. സേവ നത്തിനുള്ള അവസരങ്ങൾ ഇടവകയെ ബോധ്യപ്പെടുത്തുന്നത് പല പ്പോഴും വലിയ ഉൾപ്പെടുത്തലിനു സഹായകരമാകും.

**അംഗങ്ങളെ ഉത്തേജിപ്പിക്കൽ**

സഭാദ്ധ്യക്ഷന്മാർ ശരിയായ ഉത്തേജന രീതികൾ[2] ഉപയോഗിച്ചു വേണം, ഉൾപ്പെടുത്തുന്നതു പ്രോത്സാഹിപ്പിക്കുവാൻ. ശരിയായ “അന്ത രീക്ഷം” ഉണ്ടാക്കുന്നതിൽ ഉത്തേജനത്തിന്റെ വലിയ പങ്ക് ആവശ്യമു ണ്ടെന്നു ശ്രദ്ധിക്കണം, എന്നാൽ അതു ഒരുപക്ഷെ എല്ലാം ചെയ്തെന്നു വരികയില്ല. ഉത്തേജിപ്പിക്കുന്നതിനു അദ്ധ്യക്ഷന്മാർക്കു എന്തു ചെയ്യുവാൻ കഴിയും? (1) ആസൂത്രണത്തിൽ, ഇടവകയ്ക്കു പ്രോഗ്രാമിൽ പങ്കെടു ക്കുന്നതു എളുപ്പമാക്കി തീർക്കാവുന്നതാണ്. (2) പ്രോഗ്രാമിന്റെ ആസൂ ത്രണത്തിലും ബോധവൽക്കരണത്തിലും അവർക്കു അംഗങ്ങളെ ഉൾപ്പെ ടുത്താം, അല്ലെങ്കിൽ അവർക്കു പ്രോഗ്രാമിൽ ഏതെങ്കിലും വിധത്തിൽ താല്പര്യം ജനിപ്പിക്കാം, അങ്ങനെ അവർ അതു “നമ്മുടെ പ്രോഗ്രാമാ യി” കാണും. (3) ഒരിക്കൽ പ്രോഗ്രാം തീരുമാനിച്ചു കഴിഞ്ഞാൽ, അതു തുടങ്ങുന്നതുവരെ സമയാസമയമുള്ള വിവരങ്ങൾ ഓരോന്നും അംഗ ങ്ങളെ അറിയിച്ചുകൊണ്ടിരിക്കണം. (4) കാര്യനടപ്പിനാവശ്യമായ സാധ നങ്ങൾ സമൃദ്ധമായി നല്കണം. (5) പരസ്യം കൊടുക്കുന്നത് ഉചിതമാ യേക്കാം. പുറത്തുള്ളവരിലേക്ക് എത്തിക്കുന്നതിനു രൂപപ്പെടുത്തിയ പര സ്യവും ഇടവകയെ ഉത്തേജിപ്പിക്കും. (6) അംഗങ്ങളെ സംബന്ധിച്ചു അർത്ഥവത്തായതിൽ അവർ ഉൾപ്പെടുവാൻ അദ്ധ്യക്ഷന്മാർക്ക് അഭ്യർത്ഥി ക്കാം: ഇതെങ്ങനെ അവരുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തും? (7) പ്രോഗ്രാമുകൾ ആവിഷ്കരിക്കുമ്പോൾ “യഥാർത്ഥ ജീവിതത്തിൽ” ആളുകൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങളും പരിമിതികളും അവരുടെ മന സ്സിൽ ഓർമ്മിക്കാം. (8) പരസ്യമായിട്ടുമാത്രമല്ലാതെ, വ്യക്തിപരമായി അവർക്കു ജനത്തോടു സംസാരിക്കാം.

**ഉപസംഹാരം**

സഭയുടെ ചിത്രം ഏറ്റവും നല്ലരീതിയിൽ ഉൾപ്പെടുത്തുന്നതിന്റെ ആവശ്യം ചിത്രീകരിക്കുന്നത് ഒരു മനുഷ്യന്റെ ശരീരത്തെ ചിത്രീകരി ക്കുന്നതിലൂടെയാണ്. ഒരു മനുഷ്യ ശരീരം നടക്കുന്നതു ഒന്നു സങ്കല്പി

ക്കുക. വിജയകരമായി നടക്കുവാൻ, അക്ഷരികമായി ശരീരത്തിന്റെ എല്ലാ ഭാഗങ്ങളും – കാലുകളും പാദങ്ങളും മാത്രമല്ല, പക്ഷെ കൈകൾ, തോളുകൾ, കഴുത്ത്, ഹൃദയം, ശ്വാസകോശങ്ങൾ, കണ്ണുകൾ, ബ്രെയിൻ, കൂടാതെ ശരീരത്തിന്റെ മറ്റെല്ലാ അവയവങ്ങളും – അതിന്റേതായ കർത്തവ്യങ്ങൾ ചെയ്യേണ്ടതുണ്ട്. തീർച്ചയായും, ഒരു കാലുള്ള അല്ലെങ്കിൽ കൈകൾ ഇല്ലാത്ത അല്ലെങ്കിൽ ശ്വാസകോശം ഭാഗികമായി മാത്രം പ്രവർത്തിക്കുന്ന ഒരു ശരീരത്തിന് നടക്കാം, എന്നാൽ അത്തരം ശരീരം അംഗവൈകല്യമുള്ളതാണ്. ശരീരത്തിനു അതിന്റെ കഴിവുകൾ പരമാവധി ഉപയോഗപ്പെടുത്തുവാൻ, ഓരോ ഭാഗവും നന്നായി പ്രവർത്തിക്കണം. അതുപോലെ, സഭയിൽ കുറെ അംഗങ്ങൾ മാത്രം ഉൾപ്പെട്ടു പ്രവർത്തിക്കുന്നതു മുടന്തുള്ള അവസ്ഥയുണ്ടാക്കും, എന്നാൽ സഭയുടെ വിജയത്തിനു എല്ലാ ക്രിസ്ത്യാനികളും പ്രവർത്തനത്തിൽ ഉൾപ്പെടേണ്ടതുണ്ട്. എഫെസ്യർ 4:15, 16 പറയുന്നു,

> ... സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു, ക്രിസ്തു എന്ന തലയോളം, സകലത്തിലും വളരുവാൻ ഇടയാകും, ശരീരം മുഴുവനും യുക്തമായി ചേർന്നും, ഏകീഭവിച്ചും, ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിന്നു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും, സ്നേഹത്തിലുള്ള വർദ്ധനെക്കായി അവനിൽ നിന്നു വളർച്ച പ്രാപിക്കുന്നു.

ഓരോ അംഗവും "തന്റെ വ്യക്തിപരമായ പങ്കു നിർവ്വഹിച്ചുകൊണ്ട്," ശരീരം യുക്തമായി ചേർന്നു സ്നേഹത്തിൽ വളരുന്നു! ഈ മനോഭാവം ഉണ്ടാവാൻ ഓരോ അംഗവും നന്നായി പ്രവർത്തിക്കണം:

> ഞാൻ ഒരാൾ മാത്രം,
> എന്നാൽ ഞാൻ ഒരാളാണ്.
> എനിക്കു എല്ലാം ചെയ്യുവാൻ സാധ്യമല്ല,
> എന്നാൽ എനിക്കു എന്തെങ്കിലും ചെയ്യുവാൻ കഴിയും.
> എനിക്കു ചെയ്യുവാൻ കഴിയുന്നതു,
> ദൈവ കൃപയാൽ ഞാൻ ചെയ്യും.

---

കുറിപ്പുകൾ

[1]ഫ്ളവിൽ ആർ. യേക്ക്ലെ, ജൂനിയർ., *സഭ വളരുന്നതു എന്തുകൊണ്ട്*, 3 ഡി എഡി. (ബ്രോക്കൺ ആരോ, ഓക്ല.: ക്രിസ്റ്റ്യൻ കമ്മ്യൂണിക്കേഷൻസ്, 1979), 42–45. [2]നോക്കുക കോയ് റോപ്പർ, "മോട്ടിവേഷൻ," *ട്രൂത്ത് ഫോർ ടുഡേ* 15 (ഡിസംബർ 1994), 41–43.

© 2009 Truth for Today